പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.
കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതി
എന്നാൽ വനിതാ ഘടക പദ്ധതിയ്ക്കായി വകയിരുത്തിയ 4509890/-
2980538/- രൂപ മാത്രമാണ് (മറ്റുള്ളവ ഒഴികെ) ചെലവഴിച്ചിട്ടുള്ളത് (ചെലവ്

5. വനിതകൾ, ഭിന്നശേഷിയുള്ളവർ, മറ്റ് ദുർബലവിഭാഗങ്ങൾ,
മൈക്രോപ്ലാനുകൾ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ
തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നം. | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 103/23 | 1500000 |
| | 131/23 | 1080000 |
| | 199/23 | 150000 |
| | 205/23 | 315125 |
| | 210/23 | 50000 |
| | 216/23 | 128000 |
| ഭിന്നശേഷിയുള്ളവർ | 115/23 | 100000 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 126/23 | 99280 |
| അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 231/23 | 87400 |

6. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മ
വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ്
അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 14821715 | 9694673 | 65.4 |
| സേവനം | പൊതുവിഭാഗം | 75782238 | 47571751 | 62.7 |
| | പട്ടിക ജാതി | 42022080 | 14567997 | 34.6 |
| പശ്ചാത്തലം | പൊതുവിഭാഗം | 23449535 | 13456197 | 57.4 |

7. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകഗ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മു അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ ന പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാര സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷ തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെ വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ട ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | 2022-23 ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700405 | 472264 | ജില്ലാപഞ്ചായത്ത് |
| 2 | 320700205 | 95760 | ജില്ലാപഞ്ചായത്ത് |
| 3 | 320700204 | 1361425 * | ബ്ലോക്ക് പഞ്ചായത്ത് |
| 4 | 320700404 | 615601 | ബ്ലോക്ക് പഞ്ചായത്ത് |

* 2022-23 വർഷം വരവ് ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

8. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാര
ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ
ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതി
വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വ
ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ
ലഭ്യമാക്കിയിട്ടില്ല.

9. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം
ലഭിച്ച Grants/Contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2
വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 320100174 | Swaccha Bharat Abhiyaan (Rural And Urban) | 180000 |
| 320100194 | Library Grant | 62720 |
| 320100197 | Literacy Scheme Grant | 34215 |
| 320200399 | **Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes** | 384120 * |
| 320300102 | Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi | 102726 |
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 121246 |
| 320300199 | **Grants, Funds & Contributions For Specific Purposes - Other Government Agencies** | 4049828 ** |
| 320400199 | **Grants, Funds & Contributions For Specific Purposes - Other Financial Institutions** | 199994 ** |

* 2022-23 വർഷം ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

** 2022-23 വർഷം ചെലവഴിച്ചതിൽ ബാക്കി തുക.

പരിശോധിച്ച് വിശദമായ മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിച്ച
നമ്പർ 2/25.10.23 നുള്ള മറുപടി). മേൽ ഹെഡ്ഡുകളിൽ അവശേഷിക്കുന്
ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ല
ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23 ൽ ചെലവഴിച്ചതുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 41290000 | 36541130 | 4748870 |
| വികസനഫണ്ട് എസ്.സി.പി | 11234000 | * 11234000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 10274000 | 9686449 | 587551 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10307000 | 6257441 | 4049559 |
| **ആകെ** | **73105000** | **63719020** | **9385980** |


* ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സുലേഖ അനുബന്ധം II പ്രകാരം എസ്.
ആണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 1178491
വിശദീകരിക്കേണ്ടതാണ്.

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




## ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ച

| ഫണ്ട് | മുന്നിരിപ്പ് (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | ( |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ | 2050718 | 7359881 | 9410599 | 2469555 | 6941044 | : |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (ടൈഡ്) | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 46770 | 5767401 | 5814171 | 5307026 | 507145 | 4 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരി
വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധ
ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്ക
എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | 6 ശ |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 12 | 5 | 3444885 | 2912365 | 84. |
| വെറ്ററിനറി സർജൻ | 12 | 12 | 0 | 4917516 | 4605569 | 93. |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 10 | 9 | 1 | 6831622 | 6483915 | 94. |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 4 | 1 | 324420 | 296420 | 91. |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | 8 | 8 | 0 | 1940000 | 1933653 | 99. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | 10 | 10 | 0 | 38358000 | 14645354 | 38. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 11 | 1 | 8067050 | 6161909 | 76. |
| സെക്രട്ടറി | 48 | 27 | 21 | 32876328 | 19471949 | 59. |
| എച്ച്.എം. | 7 | 5 | 2 | 2537450 | 1452896 | 57. |

| | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 17 | 9 | 8 | 18121627 | 4409959 | 24. |
| അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 41 | 16 | 34819375 | 20529539 | 59 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 2 | 1 | 1579974 | 1355432 | 85. |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 6 | 3348099 | 2122436 | 63. |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 47101063 | 36541130 | 77.6 |
| എസ്.സി.പി. | 14977499 | 11784915 | 78.7 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15027667 | 7776581 | 51.7 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 6794722 | 2812232 | 41.4 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 22445294 | 2950820 | 13.1 |
| തനത് ഫണ്ട് | 13999339 | 5538083 | 39.5 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 7247375 | 1136812 | 15.7 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 6973618 | 1839772 | 26.4 |
| മെയിന്റനൻസ് റോഡ് | 10467325 | 6257441 | 59.8 |
| മെയിന്റനൻസ് റോഡിതരം | 11727997 | 9686449 | 82.6 |
| മറ്റുള്ളവ | 55549321 | 2295125 | 4.13 |
| **ആകെ** | **212715667** | **88676521** | **41.7** |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 221 | 159 | 62 | 157166346 | 86381396 | 55 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.20 ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുള്ളതിന്റെ വിശദാംശം പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടയും നോട്ടീസ് ബോ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള ലഭ്യമാക്കിയിട്ടില്ല.

ആസൂത്രണ സമിതിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ പതിന മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്ര നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. കൂടാതെ 2022-23 വാർഷിക പദ്ധതി രൂ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ആസൂത്രണ സമിത കാണുന്നില്ല. 2022-23 വർഷം 3 തവണ 27.04.22, 29.06.22, 6.12.22 തീയതികളിൽ കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം. 84/2022 തസ്വഭവ തീയതി 19.04.2022 3.1.2 എ പ്രകാരം ഗ്രൂപ്പുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാ കാണുന്നു. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തി മോണിറ്റർ ചെയ്യേണ്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ട

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാം മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ആരോഗ്യം | 06.12.22 | ജനനി സുരക്ഷ-വനിത ക്ലിനിക് സ്ഥാപിക്കൽ |
| 3 | വനിത വികസനം | 29.6.22 | സ്ത്രീകൾക്ക് കരാട്ടെ പരിശീലനം, നാപ്കിൻ |

| | | | |
|---|---|---|---|
| | | | യൂണിറ്റ് പ്രവർത്തനം ആരംഭിക്കുക |
| 4 | മൃഗസംരക്ഷണം, ക്ഷീരവികസനം | 28.12.22 | Cow Lifting Machine |
| 5 | കുടിവെള്ളം, ശുചിത്വം | 31.12.22 | സ്കൂളുകളിൽ ബയോപാർക്ക് |
| 6 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | 29.6.22<br>06.12.22 | എല്ലാ വിദ്യാലയങ്ങളിലും ഹൈടെക് അടുക്കള<br>Cluster Talent പരിശീലനം |
| 7 | സാമൂഹ്യനീതി | 06.12.22<br>31.12.22 | വയോജന ജാഗ്രതാസമിതി<br>തീവ്രഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രിവിലേജ് കാർഡ് |
| 8 | ദാരിദ്രലഘൂകരണം | 28.12.22 | പഞ്ചായത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് പുതിയ പകൽവീട് ആരംഭിക്കൽ |
| 9 | കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | 29.12.22 | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷികം ഭാഗമായി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവ

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | ദാരിദ്രലഘൂകരണം | ഗുരുതരം | പട്ടികജാതി ആവാസകേന്ദ്രങ്ങളുടെ നവീകരണം |
| 2 | സാമൂഹ്യനീതി | ഗുരുതരം | കിടപ്പുരോഗികളായയ ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം |

| | | | |
|---|---|---|---|
| 3 | വനിത വികസനം | അതീവ ഗുരുതരം<br>ഗുരുതരം | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം<br>കൗമാര കുട്ടികളുടെ വിളർച്ച |
| 4 | പട്ടികജാതി വികസനം/ പട്ടികവർഗ്ഗ വികസനം | അതീവ ഗുരുതരം | വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോകൽ, രൂക്ഷമായ കുടിവെള്ളക്ഷാമം |
| 5 | കുടിവെള്ളം, ശുചിത്വം | അതീവ ഗുരുതരം | പൊതു ടോയ്‌ലറ്റുകളുടെ അഭാവം |
| 6 | വിദ്യാഭ്യാസം, കല, യുവജനക്ഷേമം | അതീവ ഗുരുതരം | സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം |

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വാ
വ്യക്ത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേ
പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ
ലഭ്യമാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപ
നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രേ
സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെ
Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികൾ വിശദീകരിച്ചിട്ടില്ല.

മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേ
ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകു
നിർണ്ണയിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് മാർഗ്ഗരേഖയും മറ്റ് സർക്ക
നിർവഹണം നടത്തി പദ്ധതി പണം പാഴാക്കാതെ പദ്ധതി നട
അനിവാര്യമാണ്. ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ഇക്കാര്യ

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതി
ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്ത എണ്ണ |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3182000 | 286 |
| വിധവ പെൻഷൻ | 22203800 | 2123 |
| വാർദ്ധക്യകാല പെൻഷൻ | 46695400 | 4595 |
| വികലാംഗ പെൻഷൻ | 5432400 | 515 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 368000 | 34 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക
31-10-2023 തീയതിയിൽ 2.48 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗ
നടത്തുകയുണ്ടായി. പരിശോധനയിൽ 5533/-(അയ്യായിരത്തി അഞ്ഞൂറ്റി മു
ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നി
ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. താഴെ പറയു
ശ്രദ്ധിക്കേണ്ടതുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ)
മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകര
വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും
ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ
ലഭ്യമാക്കിയിട്ടുണ്ട്.

3) വാർഷിക കണക്കുകൾ, ബജറ്റ് എന്നിവ അപാകത കൂടാതെ തയ്യാറാക്കേ

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ പ്ര
ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ര

രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം
പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമാ
വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്
കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.
4) ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.
5) തനതു വരുമാന ശേഖരണം കുടിശ്ശികരഹിതമായി സമയബന്ധിത
വിഭജനത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.
ടി അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-1 തൊഴിലുറപ്പ് പദ്ധതി - പൊതുവായ അപാകതകശ

2022-2023 സാമ്പത്തിക വർഷത്തിൽ നടത്തിയ മഹാത്മാഗാന്ധി ദേ
പദ്ധതിയിൽ 17.07.2017 തീയതിയിലെ F.No.J1107/06/2016 നം. കേന്ദ്ര
തൊഴിലുറപ്പിനായി തയ്യാറാക്കിയ ആനുവൽ മാസ്റ്റർ സർക്കുലറിലെ
പലതും പാലിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകത

1) ഫയലിൽ പ്രധാനമായും നിഷ്കർഷിക്കുന്ന 22 രേഖകളിൽ ചുവടെ ചേർ
ഫയലിൽ സൂക്ഷിച്ചിട്ടില്ല.

A) ഫോട്ടോ ഗ്രാഫ്സ് : മൂന്ന് ഘട്ടത്തിലെയും ഫോട്ടോസ് സൂക്ഷിച്ചിട്ടില്ല.
B) ജിയോ ടാഗ്ഡ് ഫോട്ടോസ്: 7.12.5(17) ജിയോ ടാഗ്ഡ് ഫോട്ടോസ് /സാറ്റ്
സൂക്ഷിച്ചിട്ടില്ല. ടി സ്ഥലങ്ങൾ ടാഗ് ചെയ്തിട്ടില്ല.

C) മൂല്യനിർണയ സാക്ഷ്യപത്രം, സൈറ്റ് ഡയറി എന്നിവ പല ഫയലുകളി

2) മസ്റ്റർ റോളിൽ ഞായറാഴ്ച മാർക്ക് ചെയ്തിരിക്കണം. എന്നാൽ മസ്റ്റർ
ചെയ്തതായി കാണുന്നില്ല. ഈ ദിവസങ്ങളിൽ പ്രവർത്തിനടന്നതായി കാ
നെടുങ്കോട്ടുകോണം റോഡ് കോൺക്രീറ്റിംഗ്.

3) മസ്റ്റർ റോളിൽ അറ്റൻഡൻസ് മാർക്ക് ചെയ്തിട്ടില്ല.

മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെ
ചെയ്തിട്ടില്ല.

ഉദാ- കടുംബൂര് ചെഞ്ചേരി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി
തൊഴിലാളികൾക്ക് ആകെ 63 ദിവസത്തെ വേതനം നൽകിയിട്ടുണ്ട്.
ദിവസത്തെ അറ്റൻഡൻസ് പോലും മാർക്ക് ചെയ്തിട്ടില്ല.

4) ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെയോ, അവരു
വി.ഇ.ഒയുടെ സാക്ഷ്യപത്രമോ, ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.

5) 06.01.2022 ൽ കേന്ദ്ര സർക്കാരിന്റെ Ministry Of Rural Development Departme
Circular പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തിക
വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെ

വ്യക്തിഗത ഗുണഭോക്താക്കൾക്കായി സോക്ക്പിറ്റ് നിർമ്മാണം, കംപോ
നിർമ്മാണം, പശുത്തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, ക
ടാങ്ക് നിർമ്മാണം എന്നീ മേഖലകളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്
വസ്തുക്കൾ ഗുണഭോക്താക്കൾ തന്നെ നേരിട്ട് വാങ്ങേണ്ടതും ലഭ്യമായ
ബാക്കിയുള്ളവ എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടു
മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടി

6) മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്ററിൽ കരാറുകാരൻ സാധനങ്ങൾ സപ്ലൈ
തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7) സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെ

സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 7.33 (Iii) പ്രകാരം ആവശ്യമുള്ള
അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശ
വിരുദ്ധമായി പല പ്രവൃത്തികൾക്കും ആവശ്യമുള്ള സാധനങ്ങൾ എല്ലാ
ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ
ഇനിയുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ക്രമ നം. 4 വരെയു
ശ്രദ്ധിക്കുന്നതാണെന്നും പൊതുപ്രവൃത്തികൾക്കുള്ള മെറ്റീരിയൽസിന
നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതെന്നും അറിയിച്ചിട്ടു
വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ഇനിമുതൽ
ടെണ്ടർ ക്ഷണിക്കുന്നതായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാം
പ്രവൃത്തികൾക്കായി മെറ്റീരിയൽസ് ഇഷ്യൂ ചെയ്യുന്ന
രേഖപ്പെടുത്തിയിട്ടുള്ളത്. പർച്ചേസ് സംബന്ധിച്ച വിവരങ്ങൾ കൂടി
നിർവ്വഹണത്തിൽ Annual Master Circular ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതു

8) ഹാജരാക്കിയ അസറ്റ് രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ ആസ്തി ആർജ
വിവരങ്ങളും പൂർണമായി രേഖപ്പെടുത്തുന്നില്ല.

9) ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കര
കോളത്തിൽ രേഖപ്പെടുത്തലുകൾ ഇല്ല.

10) ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ 7.4.2017 ലെ സിറ്റിസ
സ്ഥാപിക്കൽ നിർദ്ദേശങ്ങൾ പ്രകാരം 2017-18 മുതലുള്ള എല്ലാ പ്ര
ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർബന്ധമാക്കിയിട്ടുണ്ട്.
പുറത്തിറക്കിയ ആനുവൽ മാസ്റ്റർ സർക്കുലറുകളിലും ഇത് സംബന്ധി
എന്നാൽ ലഭ്യമാക്കിയ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റ
വകയിരുത്തുന്നുണ്ടെങ്കിലും എല്ലാ പ്രവൃത്തികളിലും ബോർഡ്
ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം
ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും
പാലിക്കേണ്ടതുമാണ്.

## 1-9-2 തൊഴിലുറപ്പ് പദ്ധതി - ചെലവ് ബില്ലുകൾ ഉൾപ്പെട

പ്രവൃത്തിയുടെ പേര്- കോഴിക്കൂട് നിർമ്മാണം - 13/114 ഓമനകുമാരി, രജി

ആകെ ചെലവ് തുക -77991 (മെറ്റീരിയൽ തുക – 60141 രൂപ,
വിദഗ്ദ്ധ തൊഴിലാളി വേതനം - 13496 രൂപ,
അവിദഗ്ദ്ധ തൊഴിലാളി വേതനം - 4354 രൂപ)

മേൽ പ്രവൃത്തിയുടെ ഭാഗമായി മെറ്റീരിയൽ വാങ്ങിയതിന് ( അനുവദിച്ചിട്ടുണ്ട് (എം.ബുക്ക് പേജ് നം.23). എന്നാൽ ഫയലിനോടൊപ്പം ഉ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുള്ള പർച്ചേസ് ബിൽ (ഇൻ രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം ആകെ തുക 58583 രൂപയാണ്. ഇപ്രകാരം 1558 രൂപ അനുവദിച്ചതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പ്രവൃത്തിയ്ക്കാവശ്യമായ വാടകയിനത്തിൽ 3658 രൂപ അനുവദിച്ചിട്ടുണ്ടെന്നും മെറ്റീരിയൽന ഉൾപ്പെട്ടിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെലവിനെ വൗച്ചറുകളൊന്നും തന്നെ പ്രവൃത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂ സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ആയതിനാൽ അധികമായി നൽ ലഭ്യമാക്കേണ്ടതും ഭാവിയിൽ എല്ലാ പ്രവൃത്തി ഫയലുകളിലും ചെലവിെ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് [I-14 (F)] | നീക്കിയിരിപ്പ് (RP-40 (B) പ്രകാരം) |
|---|---|---|---|---|---|
| ഭരണചെലവുകൾ * | 0 | ** 658141 | 658141 | 1343879 | 88282 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56875150 | 56875150 | 56875150 | 0 |

* ചെലവ്, നീക്കിയിരിപ്പ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടു ഖ.1-1-23 ൽ പരാമർശിച്ചിട്ടുണ്ട്.
** 160100799, 160100611, 140120199 എന്നീ ശീർഷകങ്ങളിലെ രേഖപ്പെടുത്ത തുക.
തൊഴിലുറപ്പ് പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നിലവിൽ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കി | 01.01.2022 മുതൽ 31.07.2022 വരെ | 29.03.2022 |
| അക്കൗണ്ട്സ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | 2011-12 മുതൽ 2015-16 വരെ | 15.03.2017 |

## 1-11 കരാറിൽ ഏർപ്പെടാതെ പഞ്ചായത്ത് കെട്ടിടം വാട വാടക ലഭിക്കുന്നില്ല

07.06.22 ലെ 14/18 നം. ഭരണസമിതി തീരുമാന പ്രകാരം മാണ പിരപ്പൻകോട് ഷോപ്പിംഗ് കോംപ്ലക്സിൽ താഴത്തെ നിലയിൽ പഴയ പ ചെയ്തിരുന്ന കെട്ടിടത്തിന്റെ കോണിൽ ATM കൗണ്ടർ സ്ഥാപിക്കാൻ ഇ ചുവടെ പറയുന്ന വ്യവസ്ഥ പ്രകാരം അനുമതി നൽകിയിരുന്നു.

ATM സ്ഥാപിക്കുന്നതിന് 5 വർഷത്തേയ്ക്കാണ് പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നത്. ടി എഗ്രിമെന്റ് പ്രകാരം ഓരോ വർഷ വർദ്ധിപ്പിക്കുകയും ആയത് പ്രകാരമുള്ള പ്രതിമാസ വാടക എല്ലാ മാസവ പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. കൂടാതെ 3 മാസത്തെ വാടക മു പഞ്ചായത്തിൽ കെട്ടിവയ്ക്കേണ്ടതുമാണ് എന്നതായിരുന്നു വ്യവസ്ഥ.

15.12.22 ലെ 12/1 നം.തീരുമാനപ്രകാരം പ്രസ്തുത ATM കൗണ്ടറിന്റെ വ LSGD AE സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രതിമാസം 3000/- രൂപ നിരക്ക കമ്മിറ്റി അംഗീകരിച്ചു തീരുമാനിച്ചു. 3 മാസത്തെ വാടകയായ 900 ഡെപ്പോസിറ്റ് ആയി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ അതി തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചു കത്ത് പ്രകാരം വാടക ഒടുക്കാത്തത് സംബന്ധിച്ച് സ്ഥാപനത്തിന് അ കാണുന്നു. എന്നാൽ നാളിതുവരെ കുടിശ്ശിക ഒടുക്കിയിട്ടില്ല. കൂടാതെ ഏർപ്പെട്ടിട്ടുള്ള വാടക കരാർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തിക്കൊണ്ട് സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള നിയമാനുസ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.33/31.10.23 ന് ല അറിയിപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ സ്ഥാപനം കരാ കുടിശ്ശിക ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ട പഞ്ചായത്ത് കെട്ടിടം സ്വകാര്യ സ്ഥാപനത്തിന് വാടകയ്ക്ക് കെ നൽകേണ്ടതും എത്രയും വേഗം കുടിശ്ശിക ഈടാക്കി സ്ഥാപനവുമായ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ഏർപ്പെടുന്നതിന് സ്ഥാപനം തയ്യാറാക കെട്ടിടം ഒഴിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുട ചെയ്യേണ്ടതുമാണ്.

# 1-12 പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ - തുടർനടപ സ്വീകരിക്കേണ്ടതാണ്

ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യക്തികൾ എന്നിവിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം |
|---|---|---|
| 1 | 5(13)/9.05.22 | ജലജീവൻ മിഷന്റെ നേതൃത്വത്തിൽ മാണിക്കര പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധത നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിൽ നിന്നും വിവിധ കുടിവെള്ള പദ്ധത നടപ്പിലാക്കുന്നതിനായി കേരള വാട്ട അതോറിറ്റിയിൽ ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കി തുക ചെലവഴിക്കേണ്ടതില്ലാത്തതിനാൽ ടെ ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക കത്ത് നൽകുന്നതിന് തീരുമാനിച്ചു. |
| 2 | 14(1)/26.08.22 | 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെ പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 15 KVA ഡീസൽ ജനറേറ്റ സ്ഥാപിക്കുന്നതിന് ഭെൽ ഇലക്ട്രിക്കൽസ് മെഷീന ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡ നൽകുകയും 260000/- രൂപ 29/06/2019 ന് മുൻകൂ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പഞ്ചായത്തി യഥാസമയം ജനറേറ്റർ കൈമാറാത്തതിനാലു പ്രസ്തുത ആവശ്യം മറ്റൊരു പ്രോജക്ട് മുഖേ കൈവരിച്ച സാഹചര്യത്തിലും കരാർ ലംഘന നടത്തിയ സ്ഥാപനത്തിൽ നിന്നും റവന്യൂ റിക്കവറ ആക്ട് മുഖേന പഞ്ചായത്ത് അഡ്വാൻസായ |

| | | |
|---|---|---|
| | | ഒടുക്കിയിരുന്ന 260000/- രൂപ നിയമാനുസരണം പലിശ സഹിതം തിരികെ ഈടാക്കുന്നതിന് തീരുമാനിച്ചു. |
| 3 | 15(1)/26.08.22 | 2010 ൽ നടപ്പിലാക്കുന്നതിന് നിശ്ചയിച്ച കന്യാകുളങ്ങര മാർക്കറ്റിൽ ഒരു ഖര മാലിന്യ സംസ്ക്കരണ പ്ലാന്റ് 720000/- രൂപയ്ക്ക് നിർമ്മിക്കുന്നതിന് കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനവുമായി 29/01/2010ൽ കരാറിൽ ഏർപ്പെടുകയും 22/10/201 തീയതിയിലെ 003649 നമ്പർ ചെക്ക് പ്രകാരം 180000 രൂപ അഡ്വാൻസ് നൽകുകയും ചെയ്തിരുന്നു. കരാർ പ്രകാരം പണികൾ പൂർത്തിയാക്കാത്തതിനാൽ അഡ്വാൻസായി നൽകിയ 180000/- രൂപയും അതിന്റെ 18% പലിശയും ചേർത്ത് തിരികെ ലഭിക്കുന്നതിലേക്കായി നെടുമങ്ങാട് സബ് കോടതിയിൽ SO16/2013 നമ്പരായി ഒരു അന്യായ ഫയൽ ചെയ്തിരുന്നതിൽ ആകെ 18541.34 രൂപയുടെ മാത്രം നിർമ്മിതികൾ നടത്തി കാണുന്നതിനാൽ പഞ്ചായത്ത് മുൻകൂറായി നൽകിയിരുന്ന 180000 രൂപയിൽ 18541.84 രൂപ കുറവ് വരുത്തി 161458.1 രൂപയും ആയതിന്റെ 6% തുക പലിശയു കണക്കാക്കി ടി സ്ഥാപനം പഞ്ചായത്തിന് തിരികെ നൽകേണ്ടതാണെന്ന് കോടതി വിധി ആയിട്ടുള്ളതാണ്. സ്ഥാപനം സ്ഥിതി ചെയ്യുന്നത് കാസർഗോഡ് ജില്ലയിൽ ആകയാൽ പ്രസ്തുത കോടതി ഉത്തരവ് നടത്തി കിട്ടുന്നതിന് ടി പ്രദേശം സ്ഥിതി ചെയ്യുന്ന പരിധിയിലെ കോടതി മുഖേന തുടർനടപടി കൈക്കൊള്ളുന്നതിന് അഡ്വക്കേറ്റിനെ നിയോഗിക്കുന്നതിന് തീരുമാനിച്ചു. |
| 4 | 24(15)/26.08.22 | 2019-20 സാമ്പത്തിക വർഷം രണ്ടാം ഘട്ട ലൈഫ് ഗുണഭോക്താവായ തങ്കമ്മ, കരിക്കകത്തിൽ വീട്, 201 ആഗസ്റ്റ് മാസം വീട് നിർമ്മാണത്തിനുള്ള അഡ്വാൻസ് തുകയായ 40000 രൂപ കൈപ്പറ്റുകയും വീട് പണി ബെയ്സ്മെന്റ് ലെവലിൽ എത്തിക്കുകയും ചെയ്ത ശേഷം മരണപ്പെടുകയുണ്ടായി. ആയതിനാൽ തങ്കമ്മയുടെ പേരിലുള്ള ആനുകൂല്യ അവകാശിയായ മകൻ ഷിബു, കരിക്കകത്തിൽ വീട് തലയൽ എന്നയാൾക്ക് കമ്മിറ്റി തീരുമാനം മുഖേന നൽകുകയുണ്ടായി. വീട് നിർമ്മാണത്തിനുള്ള രണ്ടാം ഗഡുവായ 160000 രൂപ ഇയാൾ കൈപ്പറ്റുകയും നാളിത |

| | | |
|---|---|---|
| | | വരെ വീടിന്റെ പണികൾ ചെയ്യാതെ ഈ പണ വകമാറ്റി ചെലവഴിക്കുകയും നിരവധി തവണ നോട്ടീസ് നൽകിയിട്ടും ടിയാൻ വീട് പണ തുടരുകയോ ഒന്നും ചെയ്തിട്ടില്ല. ആയതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. |
| 5 | 22(1)/28.10.22 | 2012-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ഭവനപുനരുദ്ധാരണം (പട്ടികജാതി) പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. നാരായണി. സ് പോങ്ങുവിളയിൽ വീട് എന്നയാൾ മുൻകൂറ് തുകയായി 75000 രൂപ കൈപ്പറ്റുകയു സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിനാൽ റവന്യൂറിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ നടപടികൾ പുരോഗമിക്കുന്നതിനിടയിൽ ടിയാൾ പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിച്ചു. ഇതുപ്രകാരം ലഭ്യമായ എ.ഇ യുടെ വാല്യുവേഷൻ പ്രകാരം ആകെ 38284.87 രൂപയുടെ പണികൾ മാത്രമേ ടിയാൾ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നുള്ളൂവെന്നും ബാക്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട് ആയതിനാൽ മുൻകൂറായി നൽകിയ 75000 രൂപയിൽ ആകെ ചെലവഴിച്ച 38284.87 രൂപ കഴിച്ച് ബാക്കിയുള്ള 36715.13 രൂപ തിരിച്ചടക്കുന്നതിനുള്ള അറിയിപ്പുകൾ രേഖാമൂലം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകേണ്ടതും തുക തിരികെ അടയ്ക്കാതിരിക്കുകയാണെങ്കിൽ മാത്രം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയു ചെയ്യേണ്ടതാണ്. |

മേൽപ്പറഞ്ഞ വിശദാംശങ്ങൾ ആവശ്യപ്പെട്ടുക്കൊണ്ട് ഓഡിറ്റ് നൽകിയെങ്കിലും ക്രമ നം. 1 നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയത് വരവ് തുകകൾ എത്രയും വേഗം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്ക

## 1-13 ക്യാൻസൽഡ് ചെക്കുകൾ - പരിശോധനയ്ക്ക് ലഭ്യ

2022-23 വർഷത്തെ ബിൽ രജിസ്റ്റർ പ്രകാരം ക്യാൻസൽഡായി രേ പറയുന്ന ചെക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./ തീയതി | തുക |
|---|---|---|
| 1 | 125182/18.04.22 | 2481 |
| 2 | 132063/14.10.22 | 600 |
| 3 | 5894412/1.12.22 | 315336 |

ക്യാൻസൽഡ് ചെക്കുകൾ സമർപ്പിക്കുന്നുവെന്ന് ഓഡിറ്റ് അന്വേഷ ലഭ്യമാക്കിയെങ്കിലും മേൽ ക്യാൻസൽഡ് ചെക്കുകൾ പരിശോധനയ ലഭ്യമാക്കേണ്ടതാണ്.

## 1-14 ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ വിവരങ്ങ

ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്ത ആരംഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | ഭരണസമിതി തീരുമാനം നം./ തീയതി | വിഷയം |
|---|---|---|
| 1 | 12(3)/16.02.22 | പ്രോജക്ട് കമ്മീഷണർ, ജലനിധിയുടെ കത മാണിക്കൽ ഗ്രാമപഞ്ചായത്തിൽ പ്രളയത്തിൽ ജലനിധി പദ്ധതിയുടെ പുനരുദ്ധാരണത്തിനായ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ തുടങ്ങുന്നത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി ച വ്യക്തമായ അന്വേഷണം നടത്തിയത് സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. |
| 2 | 14(1)/30.11.22 | മാണിക്കൽ ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ REAT/SNA മുഖേന പലിശ രഹിത അക്കൗണ്ട് 03/11/2022 തീയതി ദേശീയ ഗ്രാമീണ തൊഴിലുറ സമർപ്പിച്ച കത്ത് പഞ്ചായത്ത് കമ്മിറ്റി ചർച്ച ബ്രാഞ്ചിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അംഗീ |

മേൽ തീരുമാനപ്രകാരം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/30.10.23 ന വിവരങ്ങൾ ലഭ്യമാക്കേണ്ടതും അക്കൗണ്ട് ആരംഭിച്ചിട്ടില്ലായെങ്കിര വ്യക്തമാക്കേണ്ടതുമാണ്.

## 1-15 ദുരിതാശ്വാസനിധി - കണക്കുകളിലെ വ്യത്യാസം പരിഹരിക്കേണ്ടതാണ്

ഭരണസമിതിയുടെ 30.11.22 ലെ 27/2 തീരുമാനപ്രകാരം കിണറ്റുമു എന്നയാൾക്ക് 2000/- രൂപയും, 27/3 തീരുമാനപ്രകാരം തടത്തരികത്ത് വീട്ടി 2000 രൂപയും ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് നെ

തീരുമാനിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട Union Bank Of India (അക്കൗണ്ട് ന
സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ വ്യക്തികൾക്ക് 2022-23 ൽ ധനസഹ
കാണുന്നു. ബന്ധപ്പെട്ട ഹെഡ് നം. 311100101 – Panchayat's Distress Relief Fund ന്റെ
20000 രൂപ ധനസഹായ ഇനത്തിൽ ആകെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബ
ചെലവ് 16000 രൂപ മാത്രമാണ്.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം
മറുപടി പ്രകാരം മേൽ വ്യക്തികൾക്ക് യഥാക്രമം വൗച്ചർ നം. 42200815/18
പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ചെക്ക് കൈപ്പറ്റി തുക
തുകയിലെ വ്യത്യാസം വന്നിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ഭരണസമിത
വൗച്ചറുകൾ യഥാക്രമം 18.11.2022, 25.11.2022 തീയതികളിലുമാണ് എന്നതും
ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But N
2000/- രൂപ (ചെക്ക് നം. 095424/18.11.22) മാത്രമാണ് അ
വിശദീകരിക്കേണ്ടതാണ്. വിഷയം പരിശോധിക്കേണ്ടതും ആ
ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ദുരന്തനിവാരണം - സർക്കാർ നിർദ്ദേശങ്ങൾ പാല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.12. ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത അംഗീകരിച്ച് 14.01.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരി നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക തുടങ്ങിയവ

5) ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ പരിപാടി

ഇത്തരം പരിപാടികൾ 2022-23 വർഷം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.52/02.11.23 ന് മറുപടി ലഭ്യമാക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീ

സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീ. 18.05.2022 പ്രകാരമുള്ള സബ്സിഡി കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയ മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയ അതിന്റെ അപഗ്രഥനവും നടത്തുന്നതിനായി ഓരോ പ്രദേശത്തിന്റെ മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്ര സ്ഥാപിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. അതിനായി ഇപ്പോൾ ദുര നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേ സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മു പ്രസ്തുത മാർഗ്ഗരേഖ നിർദ്ദേശം നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിവരം ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം ലഭ്യമാക്കിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്ര സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18-1 ആസ്തി സംരക്ഷണം - സർക്കാർ നിർദ്ദേശം പാലി

1. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണ കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മ (ആർടി) നം.166/17/തസ്വഭവ തീയതി 20.01.2017പ്രകാരം സർക്കാർ അംഗീക ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റ മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ 08.11.2018 ലെ പ 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭ തിയതി 23.08.2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തൽ കാലികമല്ല.

3. സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19.04.22 പ്രകാരം പുറപ്പെടുവിച്ച 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളു പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. 2022-2 സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വ തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ലഭ്യമാക്കുന്നതിന് ഓഡ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ആസ്തി രജിസ്റ്ററിൽ പൂർണമ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18-2 ആസ്തി രജിസ്റ്റർ കാലികമല്ല

ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ അധീനതയിലുള്ള എല്ലാ ആസ്തികളുടെയും വിവരം ഉൾപ്പെടുത്തി ര ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളിൽ പരാമർശിച്ചിരിക്കുന്ന ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന വിവരവും നൽ നം.29/30.10.23 ന് ലഭ്യമാക്കിയ മറുപടിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം | അസ |
|---|---|---|---|
| 1 | 13(12)/05.02.22 | മാണിക്കൽ ഗ്രാമപഞ്ചായത്ത് തീപ്പുകൽ വാർഡിലെ നേതാജി നഗർ എന്ന | നിയമപ നടപടി |

| | | | |
|---|---|---|---|
| | | സ്ഥലത്തെ ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമീപ വാസികൾ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും തുടർ നടപടികൾക്കായി ടി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് LSGD AE യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | സമർപ്പ് റോഡ് ഉൾപ്പെട എന്ന 76/AE/LII പ്രകാരം അറിയ് |
| 4 | 1(2)/28.10.22 | ഗീതം കമ്പിക്കട റോഡിന്റെ പേരുമാറ്റി പുന്നപുരം പരമേശ്വരൻ നായർ റോഡ് എന്നാക്കി മാറ്റണമെന്ന ആവശ്യം പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ശേഷം പരിഗണിക്കുന്നതിനും ആയതിലേക്കായി ആസ്തി രജിസ്റ്ററിൽ തിരുത്തൽ വരുത്തുകയോ പുതിയതായി കൂട്ടിചേർക്കുകയോ ചെയ്യുന്നതിനും തീരുമാനിച്ചു. | ഗീതം പേരിൽ രജിസ്റ്റ |

മേൽ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18-3 ആസ്തി സംരക്ഷണം - തുടർനടപടി സ്വീകരിക്കേ

ചുവടെ പറയുന്ന ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥ ആസ്തികളുടെ സംരക്ഷണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വി

| ക്രമ നം. | ഭരണസമിതി തീരുമാനം നം./തീയതി | വിഷയം |
|---|---|---|
| 1 | 14(13)/07.06.22 | മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ആലിയാട് വാർഡ മൂളയം കൊറണ്ടിവിളയിൽ പഞ്ചായത്ത് പുറമ്പോ ഭൂമിയിൽ അനധികൃതമായി കയ്യേറ്റം നടക്കുന്നത ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്ര പുറമ്പോക്ക് ഭൂമി അടിയന്തിരമായി അ തിട്ടപ്പെടുത്തുന്നതിനായി താലൂക്ക് സർവ്വേയ അഭ്യർത്ഥിച്ചു തീരുമാനിച്ചു. |
| 2 | 12(11)/17.07.22 | മാണിക്കൽ ഗ്രാമപഞ്ചായത്ത് പിരപ്പൻകോട് വാർഡ തെന്നൂർ ആമ്പല്ലൂർ മണ്ണാറുകോണത്ത് 2 മീറ്റർ വീത ഉദ്ദേശം 2 കിലോമീറ്റർ നീളവും ഉള്ള തോടിന്റെ ഭ കയ്യേറുന്നതായി ലഭിച്ച പരാതി കമ്മിറ്റിയിൽ ചെയ്യുകയും ടി തോടിന്റെ പുറമ്പോക്ക് ഭൂമി അ |

| | | |
|---|---|---|
| | | തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയ<br>അഭ്യർത്ഥിച്ചു തീരുമാനിച്ചു. |

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെ അന്വേഷണം നം. 29/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ര തടയുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം (

## 1-18-4 സ്വകാര്യ വ്യക്തിയുടെ പേരിലുള്ള വസ്തുവിൽ പ കെട്ടിടം സ്ഥിതി ചെയ്യുന്നു

മാണിക്കൽ ഗ്രാമപഞ്ചായത്ത് കള്ളിക്കാട് വാർഡിലെ ശ്രീമ ഉടമസ്ഥതയിൽ കോലിയക്കോട് വില്ലേജിൽ ബ്ളോക്ക് നമ്പർ 28 ൽ, റീസ സെന്റ് വസ്തു 2012 ഏപ്രിലിൽ കള്ളിക്കാട് വാർഡിൽ ലക്ഷ്മിപുരം പ നിർമ്മിക്കുന്നതിനുവേണ്ടി ദാനായാധാരം നൽകിയിരുന്നു. എന്നാൽ ( പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച അപേക ചർച്ച ചെയ്യുകയും 2012-ാം വർഷം ഏപ്രിൽ മാസം പന്ത്രണ്ടാം തീയതി ബഹുമാനപ്പെട്ട കേരള സംസ്ഥാന ഗവർണർ മുമ്പാകെ 1272/2012 - എഴുതിക്കൊടുത്തിരുന്നു. ടി ഭാഗത്ത് അങ്കണവാടി നമ്പർ 86 ലക്ഷ്മിപു കോലിയക്കോട് വില്ലേജിൽ തണ്ടപ്പേർ കണക്കിൽ ടി വസ്തു അങ്കണവ ചെയ്തിട്ടുണ്ട് എന്ന് കാണിച്ചിട്ടുണ്ടെങ്കിലും പോക്കുവരവ് ചെയ്തിട്ടില്ല. ആയ ടി വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് 10.03.23 ലെ കമ്മിറ്റി ( തീരുമാനിച്ചു. ആയതിന്റെ തുടർനടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥലം പഞ്ചായത്തിന്റെ പേരിലേയ്ക്ക് സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതു

## 1-18-5 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടത്തിൽ ദേ

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പി മാണിക്കൽ പഞ്ചായത്തിലെ തീപ്പുകൽ വാർഡിലുള്ള സർഗ്ഗകൈരളി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നു നിർദ്ദേശം വെച്ചിരുന്നു. കൂട വർക്കിംഗ് ഗ്രൂപ്പിന്റെ 06.12.22 ലെ യോഗത്തിൽ സർഗ്ഗകൈരളി ലൈബ്ര നൽകി പണിതിട്ടുള്ള ശൗചാലയം ഉപയോഗയോഗ്യമാക്കണമെന്നും നിർ സർഗ്ഗകൈരളി ലൈബ്രറിയെ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.29/30.10.23 ന് ലഭ സർഗ്ഗകൈരളി ലൈബ്രറിയെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടി വർഷം ടി ലൈബ്രറിയിലെ ശൗചാലയ നിർമ്മാണത്തിനായി അ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 68/23 പ്രകാരം 147649 രൂപ ചെലവഴ രജിസ്റ്ററിൽ ഉൾപ്പടാത്ത കെട്ടിടത്തിനായി മേൽ തുക ചെ വ്യക്തമാക്കേണ്ടതും ലൈബ്രറിയെ നാളിതുവരെ ആസ്തി രജിസ്റ്ററി കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-18 ആസ്തി സംരക്ഷണം

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഉപഖണ്ഡി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-19-1 വസ്തു നികുതി പരിഷ്ക്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാര ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതി കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറ പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പ നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളു വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഉ നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർ മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നത ലെ 3 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമ വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന് 12.05.2023 കമ്മിറ്റിയുടെ 7(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമ

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേ വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിട തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോ

ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുന്
നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ
റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത്
നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി
വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 1/25.10.2023 -ന്റെ മറുപടി)

## 1-19-2 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വ ലഭ്യമാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ
നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗ
വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ
ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വ
പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സ
വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻ
സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചാ
ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ ക
സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-19 നികുതി വരുമാന ശേഖരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം
വിഭവസമാഹരണത്തിന്റെ വ്യാപ്തിയും ആയതിന് സ്വീകരിച്ച ന
രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽ
പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.
ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1) പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയ
കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. പ്രസ്തുത വിഷയത്തിന്മേ
വിനോദ നികുതി ഇനത്തിൽ മുൻകാല കുടിശികയായ 10 ലക്ഷം രൂപ
മറുപടി നൽകിയിട്ടുള്ളത്.

2) പ്രതിമാസ അവലോകനം ഔട്ട്ഡോർ കളക്ഷൻ തുടങ്ങിയ നടപ
പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായാണ് മറുപടി നൽ

3) വസ്തു നികുതി, സേവന നികുതി, തൊഴിൽ നികുതി, കെട്ടിടനിക
ഇനങ്ങളിൽ 100% വും പിരിച്ചെടുത്തതാണ് മറുപടി നൽകിയിട്ടുള്ളത്
ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് പരിശോധനയിൽ നിന്നും ചുവ
നിലവിലുണ്ട്

| ഇനം | തുക |
|---|---|
| വസ്തു നികുതി റസിഡൻഷ്യൽ | 549471 |

| | |
|---|---|
| വസ്തു നികുതി നോൺ റസിഡൻഷ്യൽ | 1152216 |
| തൊഴിൽ നികുതി ട്രേഡേഴ്സ് | 2000 |

കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ

## 1-20 തൊഴിൽ നികുതി -സമ്പൂർണ ഡേറ്റാബേസ് സൂക്ഷ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാ താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലി ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്ക നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർ ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീ സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടു സമ്പൂർണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 1/25.10.2023 -ന്റെ മറുപടി)

## 1-21 പദ്ധതിപ്രവർത്തനം -അവശ്യരേഖകൾ സൂക്ഷിക്ക

| | |
|---|---|
| പ്രോജക്ട് നം., വിവരണം | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ<br>നമ്പർ 162/23 |
| അടങ്കൽ തുക | 1276989/- |
| ചെലവ് തുക | 1276989/- |
| ബിൽ നമ്പർ, തീയതി | 218/22-12-2022, (905146)<br>468/18-03-2023, (371843) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

28.05.2022 ലെ സ.ഉ. (കൈ) നമ്പർ 115/2022/ തസ്വഭവ ഖണ്ഡിക 7.2.6 പ്രകാരം കസേരയും ലഭ്യമാക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വികസന വക സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ഉറപ്പാക്കേ ഫയൽ പരിശോധനയിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകു സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള ആയതിന് 27.10.2023 ൽ 19 -ാം നമ്പരായുള്ള ഓഡിറ്റ് അന്വഷണത്തി പഠനോപകരണങ്ങൾ ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട് എന്ന് മാർഗ്ഗരേഖയ്ക്ക് അനുസൃതമായുള്ള രേഖകൾ ഫയലുകളിൽ ഓഡിറ്റിംഗിനായി ലഭ്യമാക്കാതെ നിർവ്വഹണ സമയത്ത് പരിശോധിച്ചു

ആകയാൽ മാർഗ്ഗരേഖകൾ അനുസരിച്ചാണോ പദ്ധതിപ്രവർത്ത
വിഷയത്തിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ നട
പ്രകാരമാണ് നടപ്പിലാക്കിയത് എന്ന് ഓഡിറ്റ് ഉറപ്പാക്കുവാൻ സാധിക്കു
ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 റോഡ് കണക്റ്റിവിറ്റി മാപ്പ് പദ്ധതി പൂർത്തീകിരി

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 201/23, റോഡ് മാപ്പിംഗ്-കണക്ടിവിറ്റി |
| അടങ്കൽ തുക | 63000/- (തനത് ഫണ്ട്) |
| ചെലവ് തുക | 25200/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്ക
(എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ., തീയതി 19/4/22 ലെ ഖണ്ഡിക
സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതി
വികസനം, റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാ
ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ,
സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലു
റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തണം. ഗ്രാമ പഞ്ച
റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, സൈഡുവാളുകൾ എന്നീ പ്ര
എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരി
മാപ്പിംഗ് തയ്യാറാക്കുന്നതിന് നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പൂർത്തീക
-ാം നമ്പരായുള്ള ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി പ്രവർത്തനങ്ങൾ
സ്റ്റേജിലാണെന്നും പൂർത്തായാക്കുന്നതിനുള്ള നടപടികൾ സ്വീകരി
ലഭ്യമാക്കിയിട്ടുള്ളതാണ്. പദ്ധതി സ്പിൽ ഓവർ ആയതിനാൽ
പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണ്ടേതാണ്.

## 1-23 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വിവിധ പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വിവി
കൈമാറിയിട്ടുണ്ട് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്ക
ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ/വിവരണം | നിർവ്വഹണ ഏജൻസി | തുക |
|---|---|---|---|
| 1 | 93/23, എസ് എസ് കെ വിഹിതം നൽകൽ (ജനറൽ) | എസ് എസ് കെ | 1400000 |
| | | | |

| | | | |
|---|---|---|---|
| 2 | 94/23, എസ് എസ് കെ വിഹിതം നൽകൽ (പട്ടിക ജാതി) | എസ് എസ് കെ | 800000 |
| | **ആകെ** | | **2200000** |

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ ഏജൻസികൾക്ക് വിഹ വിനിയോഗവിവരം യഥാസമയം ഏജൻസികളിൽ നിന്നും വാ സമയബന്ധിതമായി കൈക്കൊണ്ടിട്ടില്ല. ബന്ധപ്പെട്ട ഏജൻസികളിൽ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 എഫ് എച്ച് സി കോംമ്പൗണ്ടിൽ മണ്ണ് ഖനനം -ലേല സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം., വിവരണം | 66/22-23, ചുറ്റുമതിൽ നിർമ്മാണം (2-ാം ഘട്ടം) മറ്റ് അനുബന്ധജോലികൾ എഫ് എച്ച് സി കോലിയക്കോട് |
| അടങ്കൽ തുക | 1757579/- |
| ചെലവ് തുക | 1756778/- |
| കരാറുകാരൻ | സുകുമാരൻ നായർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രസ്തുത പരിശോധനയിൽ 640 $M^3$ മണ്ണ് ഖനനം നടത്തിയിട്ടുള്ളതാണ്. വിവരങ്ങൾ

| ഐറ്റം നമ്പർ | ജോലി | എം.ബുക്ക് പേജ് | വ്യാപ്തം (എം 3) (കുഴിച്ചെടുത്ത മണ്ണിന്റെ അളവ്) |
|---|---|---|---|
| 1.01 | Earth Work In Excavation By Mechanical Means / Manual Means In Foundation Trenches Etc Complete | 60 | 51.23 |
| 1.12 | | 64 | 494 |
| 2.01 | | 64 | 95 |
| | **Total** | | **640.23 $M^3$** |

മണ്ണിന്റെ വിനിയോഗവവരം സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുറ തീയതിയിൽ 39 -ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. F ചെയ്യിട്ടുണ്ടെന്നും ആയത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ കൈക

ലഭ്യമാക്കിയിട്ടുള്ളതാണ്. ലേല നടപടികൾ അടിയന്തിരമായി സ്വീക
ശീർഷകത്തിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത

## 1-25 പ്രോജക്ട് മാർഗ്ഗരേഖയ്ത്ത് വിരുദ്ധം 168000/- രൂപ തട

| | |
|---|---|
| പ്രോജക്ട് നം. , വിവരണം | 200/22-23, ആശ്വാസ് ഡയാലിസ്സിസ് രോഗികൾക്ക് ചികിത്സ സഹായം പഞ്ചായത്ത് വിഹിതം |
| അടങ്കൽ തുക | 300000/- (തനത് ഫണ്ട്) |
| ചെലവ് തുക | 168000/- (തനത് ഫണ്ട്) |
| ചെക്ക് വിവരങ്ങൾ | 138883/31.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് 14 ഗുണഭോക്താക്കളുടെ പട്ടിക ത
പ്രതിമാസം 1000/- രൂപ എന്ന കണക്കിൽ ഒരു വർഷത്തേക്ക് 168000/- രൂപ പ
പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 28.05.2022 തീയതിയ
തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.7 പ്രകാരം പ്രോജക്ട് ഗ്രാമപഞ്ച
സ്ഥാപനങ്ങൾക്കുമാണ് നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ
പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി കൈമാറിയതിന് വി
വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ 28.10.2023 തീയതിയിലെ 24 -ാം
നൽകിയിട്ടുള്ളതാണ്. പദ്ധതി രൂപീകരണ സമയത്ത് ഡി പി സി നിർ
ഭരണസമിതി തീരുമാനത്തിന്റെയും ജില്ലാ പഞ്ചായത്ത
അടിസ്ഥാനത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്ന മറുപടിയാണ്
